ആശ്രമങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. ബ്രഹ്മചര്യാശ്രമവും ഗൃഹസ്ഥാശ്രമവും സാധാരണക്കാരായ ഏവർക്കും വിധിക്കപ്പെട്ടവയാണെന്ന് ശ്രീനാരായണഗുരു കരുതി. വാനപ്രസ്ഥാശ്രമം ആധുനിക ജീവിതചര്യയ്ക്കു പറ്റിയതല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം. സന്ന്യാസമെന്നത് സമൂഹത്തിൽ അപൂർവം ചിലർക്കു മാത്രം പ്രാപ്യമാണെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരുന്നു. ആശ്രമ ധർമസങ്കല്പത്തെ ശ്രീനാരായണഗുരു ഭാഗികമായി അംഗീകരിക്കുകയും കാലാനുസൃതമായി ഈ സങ്കല്പം പരിഷ്കരിക്കേണ്ടതുണ്ടെന്ന് കരുതുകയും ചെയ്തു. ശ്രീനാരായണഗുരുവിന്റെ അനുയായികളെന്നു സ്വയം പ്രഖ്യാപിക്കുന്ന പലരും അദ്ദേഹത്തിന്റെ അദ്വൈതദർശനം അംഗീകരിക്കാത്ത ശുദ്ധഭൗതികവാദികളാണ്. വർണധർമതിരസ്കാരം മാത്രമാണ് ഗുരുവിന്റെ സംഭാവനയായി ഇവർ കാണുന്നത്. ഗുരുവിന്റെ മറ്റു ചില അനുയായികൾക്കാകട്ടെ, നാരായണഗുരു നടപ്പിൽവരുത്തിയ ക്ഷേത്രാരാധന, തീർഥയാത്ര മുതലായവയിൽ മാത്രമേ താല്പര്യം കാണുന്നുള്ളു. ശ്രീനാരായണധർമത്തെ അതിന്റെ സമഗ്രരൂപത്തിൽ കാണുകയും ആചാരങ്ങൾ സംബന്ധിച്ച ഗുരുവിന്റെ അഭിപ്രായങ്ങളോടൊപ്പം അദ്ദേഹത്തിന്റെ ദർശനംകൂടി ഉൾക്കൊള്ളുകയും ചെയ്യുമ്പോഴേ ഒരാൾ യഥാർഥത്തിൽ ശ്രീനാരായണഗുരുവിന്റെ അനുയായി ആകുന്നുള്ളു.

(26 ആഗസ്റ്റ്, 1988)

# 65. ഗംഗാശരൺ സിൻഹ

ബീഹാറിലെ സ്വാതന്ത്ര്യയോദ്ധാക്കളിൽ പ്രമുഖനായിരുന്ന ബാബു ഗംഗാശരൺ സിൻഹ 1988 ആഗസ്റ്റ് 19-ാം തീയതി ദില്ലിയിലെ രാംമനോഹർ ലോഹിയ ആസ്പത്രിയിൽവെച്ച് എൺപത്തിമൂന്നാം വയസ്സിൽ നിര്യാതനായി. ഇരുപതാം തീയതി ദില്ലിയിൽനിന്നു തിരിച്ചുവരുംവഴി വിമാനത്തിൽവെച്ചാണ് ഈ വാർത്ത ഞാൻ അറിഞ്ഞത്. അദ്ദേഹം ആസ്പത്രിയിലാണെന്ന വിവരം തലേന്ന് അറിഞ്ഞിരുന്നുവെങ്കിൽ അവസാനമായി അദ്ദേഹത്തെ ഒരിക്കൽക്കൂടി ചെന്നു കാണുവാൻ എനിക്കു സാധിക്കുമായിരുന്നു.

രാജേന്ദ്രപ്രസാദ്, ജയപ്രകാശ് നാരായൺ മുതലായ ദേശീയനേതാക്കളുടെ ശ്രേണിയിലാണ് ബീഹാറിൽ 'ഗംഗാബാബു' പരിഗണിക്കപ്പെട്ടിരുന്നത്. പട്നയ്ക്കടുത്ത് ഒരു ഗ്രാമത്തിൽ അത്യന്തം സമ്പന്നമായ ഒരു ജമീൻദാർ കുടുംബത്തിൽ പിറന്ന അദ്ദേഹം വിദ്യാർഥിയായിരിക്കെത്തന്നെ സ്വാതന്ത്ര്യസമരത്തിലേക്ക് ആകർഷിക്കപ്പെട്ടു. പലകുറി തടവുശിക്ഷ അനുഭവിക്കേണ്ടിവന്ന അദ്ദേഹത്തിന്റെ ജയിൽവാസങ്ങളെപ്പറ്റി ഒരുപാടു കഥകൾ ഞാൻ കേട്ടിട്ടുണ്ട്. ഒരിക്കൽ വീട്ടുകാർ ജയിലിലേക്ക് അയച്ച മാമ്പഴം തന്നെപ്പോലെ എത്രയോ സ്വാതന്ത്ര്യഭടന്മാർ തടവുശിക്ഷ അനുഭവിക്കുന്നുണ്ടെന്നും അവർക്കു കിട്ടാത്ത ഒരു വിശിഷ്ടഭോജ്യം തനിക്ക് ആവശ്യമില്ലെന്നും പറഞ്ഞ് അദ്ദേഹം നിരസിച്ചുവത്രേ. ഉടൻ വീട്ടിൽനിന്നു രണ്ടു വണ്ടി നിറയെ മാമ്പഴം ജയിലിലെത്തി. തടവുപുള്ളികൾക്കെന്നപോലെ ജയിലധികൃതർക്കും പിന്നെ കുറെ ദിവസങ്ങൾ 'മാമ്പഴദിവസ'ങ്ങളായിരുന്നു. ഇതുപോലെ ജയിലിൽ ഗംഗാബാബു നടത്തിയ അവിൽ-ശർക്കര വിതരണങ്ങളെപ്പറ്റിയുമുണ്ട് കഥകൾ. തടവുകാരുടെ ഒരു നിത്യസ്വപ്നമാണ് സ്വാദിഷ്ഠമായ ഭക്ഷണമെന്ന വസ്തുതയുമായി ബന്ധപ്പെടുത്തി നോക്കുമ്പോഴേ ഈ സംഭവങ്ങളുടെ പ്രാധാന്യം വെളിപ്പെടുകയുള്ളു.

ചെറുപ്പത്തിൽത്തന്നെ ഗംഗാബാബു നേതൃപദവിയിലേക്ക് ഉയർന്നു.

പട്ന ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിററിയുടെ പ്രസിഡണ്ടായി 1934 മുതൽ 1938 വരെ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇക്കാലത്തു് ജയപ്രകാശ് നാരായൺ മുതലായവരോടൊപ്പം ഗംഗാബാബുവും സോഷ്യലിസ്റ്റായി. ആചാര്യ നരേന്ദ്രദേവ അന്തരിച്ചപ്പോൾ സോഷ്യലിസ്റ്റ് പാർട്ടിയുടെ ചെയർമാൻ ആയി തെരഞ്ഞെടുക്കപ്പെട്ടതു് ഗംഗാബാബു ആയിരുന്നു. 1956–ൽ അദ്ദേഹം രാജ്യസഭയിൽ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാവായി പ്രവർത്തിച്ചു. 1962–ലും അദ്ദേഹം രാജ്യസഭയിലേക്ക തെരഞ്ഞെടുക്കപ്പെട്ടു. പട്ടം താണുപിള്ളയെപ്പോലെ ഗംഗാബാബുവിനെയും ഗവർണറായി നിയമിക്കാൻ അടിയന്തിരാവസ്ഥക്കാലത്തു് ഇന്ദിരാഗാന്ധി ആഗ്രഹിച്ചിരുന്നു. പക്ഷേ, ആ 'ദാനം' ഗംഗാബാബു സ്വീകരിച്ചില്ല.

രാഷ്ട്രീയപ്രവർത്തകനെന്നതിലേറെ ഹിന്ദിഭാഷാപ്രണയി എന്ന നിലയിലാണു് ഗംഗാബാബു ഇപ്പോൾ അനുസ്മരിക്കപ്പെടുന്നതു്. രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിൽ രാജർഷി പുരുഷോത്തംദാസ് ഠണ്ഡനുണ്ടായിരുന്ന അതേ താല്പര്യം ഗംഗാബാബുവിനുമുണ്ടായിരുന്നു. ഒരു വാരികയുടെ പത്രാധിപരായി കുറച്ചുകാലം പ്രവർത്തിച്ച ഗംഗാശരൺ സിൻഹ ഹിന്ദിയിൽ നല്ല ഒരു ഗദ്യകാരനും സാഹിത്യരസികനും ആയിരുന്നു. ഹിന്ദിയിൽ ഉന്നതവിദ്യാഭ്യാസവും അസം, മണിപ്പൂർ, മേഘാലയം, നാഗാലാൻഡ് മുതലായ ഉത്തരപൂർവ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഹിന്ദി അദ്ധ്യാപകർക്ക് പരിശീലനവും നൽകിവരുന്ന ദേവഘർ വിദ്യാപീഠത്തിന്റെ സ്ഥാപകനും വളരെക്കാലം അതിന്റെ വൈസ് ചാൻസലറും അദ്ദേഹം ആയിരുന്നു. ഒരു സർവകലാശാലയുടെ പദവി ഈ വിദ്യാപീഠത്തിനു നൽകപ്പെട്ടിട്ടുണ്ട് എന്നാണ് എന്റെ ധാരണ. പല സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചാരണം നടത്തുന്ന സ്വയംസേവകസംഘടനകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനു് കേന്ദ്ര ഗവണ്മെൻറിന്റെ സഹായത്തോടെ ദില്ലിയിൽ സ്ഥാപിക്കപ്പെട്ട 'ഹിന്ദീ സംസ്ഥാസംഘ്' എന്ന സ്ഥാപനത്തിന്റെ അദ്ധ്യക്ഷനായിരുന്നു അദ്ദേഹം. ഈ സ്ഥാപനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അദ്ദേഹം പല തവണ കേരളം സന്ദർശിച്ചിട്ടുണ്ട്.

ഇന്ത്യയിലെ അഹിന്ദി പ്രദേശങ്ങളിലെ സാഹിത്യകാരന്മാർക്ക് ഹിന്ദി പ്രദേശങ്ങളിൽ പര്യടനസൗകര്യങ്ങൾ ഏർപ്പെടുത്തുകയെന്നതു് 'സംസ്ഥാസംഘ'ത്തിന്റെ ഒരു പരിപാടിയായിരുന്നു. ഈ പരിപാടിയനുസരിച്ച് ബംഗാളിൽനിന്നു് പ്രസിദ്ധ നോവലിസ്റ്റായ ബിമൽ മിത്രയും തമിഴ്നാട്ടിൽനിന്നു് ജ്ഞാനപീഠ പുരസ്കാരം നേടിയ അഖിലനും കേരളത്തിൽനിന്നു ഞാനും ഉൾപ്പെട്ട ഒരു സംഘത്തിനു് ബിഹാറിൽ പന്ത്രണ്ടു ദിവസത്തെ പര്യടനത്തിനുള്ള ഏർപ്പാടുകൾ 1978 മാർച്ച്–ഏപ്രിൽ മാസങ്ങളിൽ സംഘം ചെയ്തുതരികയുണ്ടായി. രാജസ്ഥാൻ, മധ്യപ്രദേശ്, ഉത്തരപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഇതിനുമുമ്പുതന്നെ ഇത്തരം 'സദ്ഭാവനായാത്ര'കൾ സംഘം മററു ചില സാഹിത്യകാരന്മാർക്കുവേണ്ടി സംഘടിപ്പിച്ചിരുന്നു. ഞങ്ങളുടെ സംഘത്തിൽ ബിമൽമിത്രയുടെ പത്നിയും ശ്രീ അഖിലനുവേണ്ടി തമിഴിൽനിന്നു ഹിന്ദിയിലേക്കും തിരിച്ചും വിവർത്തനം നടത്തുന്നതിനു് ഡോക്ടർ യമുന എന്ന ദില്ലിയിലെ ഒരു ഹിന്ദി അദ്ധ്യാപികയും ഉൾപ്പെടുത്തപ്പെട്ടിരുന്നു. ബിഹാർ ഗവണ്മെൻറ് ഞങ്ങളുടെ സംഘത്തിനു് ഔദ്യോഗികമായ ആതിഥ്യം നൽകി.

ഗംഗാബാബുവുമായി അടുത്തു് ഇടപഴകുന്നതിനു് എനിക്കു് അവസരം ലഭിച്ചതു് ഈ 'സദ്ഭാവനായാത്ര' നടന്ന കാലത്താണ്. അന്നു് അദ്ദേഹത്തിനു് എഴുപത്തിമൂന്നു വയസ്സായിരുന്നു. നന്നെ സ്ഥൂലിച്ച ശരീരം. ഹൃദയത്തിനു പൂർണമായ ആരോഗ്യം അന്നേ ഉണ്ടായിരുന്നില്ല. പിന്നീടു വളരെ കാലത്തോളം അദ്ദേഹത്തിന്റെ ഹൃദയം പ്രവർത്തിച്ചിരുന്നതു് 'പേസ്മെയ്ക്കറി'ന്റെ സഹായത്തോടെയാണ്. എന്നിട്ടും അദ്ദേഹം 'യാത്ര'യുടെ മിക്ക ഘട്ടങ്ങളിലും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. ഗംഗാബാബുവിന്റെ തൊണ്ണൂറിലേറെ

വയസ്സു ചെന്ന പിതാവു മരിച്ചതു് ഈ ദിവസങ്ങളിലാണ്. അച്ഛൻ മരിക്കുമ്പോൾ ഞങ്ങളോടൊപ്പം സഞ്ചരിക്കുകയായിരുന്ന ഗംഗാബാബു പിതൃക്രിയകൾക്കായി ഇടയ്ക്കു ഞങ്ങളെ വിട്ടുപോയി.

സർക്കാർ ഉദ്യോഗസ്ഥന്മാർ, സാഹിത്യകാരന്മാർ, രാഷ്ട്രീയപ്രവർത്തകർ, വ്യവസായികൾ, വിദ്യാഭ്യാസാധികൃതർ, സാധാരണക്കാർ—അങ്ങനെ എല്ലാ തലങ്ങളിലുംപെട്ട ബിഹാറികൾ എത്രമാത്രം ആദരവോടെയും സ്നേഹത്തോടെയുമാണ് ഗംഗാബാബുവിനോട് പെരുമാറിയിരുന്നതും അദ്ദേഹം സന്നിഹിതനല്ലാത്തപ്പോൾ അദ്ദേഹത്തെപ്പററി സംസാരിച്ചിരുന്നതുമെന്ന് ഈ യാത്രയ്ക്കിടയിൽ ഞാൻ കണ്ടറിഞ്ഞു. അദ്ദേഹത്തോടൊപ്പമാണ് ഞങ്ങൾ ഏപ്രിൽ 5—ാം തീയതി പട്നയിൽ 'കദംകുവാ' എന്ന സ്ഥലത്തുള്ള വാസസ്ഥലത്തു ചെന്ന് ജയപ്രകാശ് നാരായണനെ കണ്ടതു്.

ഈ സദ്ഭാവനായാത്ര എന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു അനുഭവമാണ്. ശ്രീ അഖിലനുമൊന്നിച്ച് മാർച്ച് 29—ാം തീയതി കല്ക്കത്തയിലെ വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾതന്നെ ഗംഗാബാബുവിന്റെ നേതൃത്വത്തിൽ ഒരു സംഘം ഞങ്ങളെ സ്വീകരിക്കാൻ അവിടെ നില്പുണ്ടായിരുന്നു. കല്ക്കത്തയിൽ ഏതാനും സാംസ്കാരികസംഘടനകൾ ഞങ്ങളെ ആദരിച്ചു. ബംഗാൾ ഗവർണർ ഞങ്ങൾക്കൊരു വിരുന്നു നൽകുകയുംചെയ്തു.

വൈദ്യനാഥക്ഷേത്രംകൊണ്ട് പ്രസിദ്ധിയാർജിച്ച ബിഹാറിലെ ദേവഘർ എന്ന നഗരത്തിനടുത്തുള്ള ഗിരിഡീഹ് റെയിൽവേസ്റ്റേഷനിൽ മാർച്ച് 30—ാംതീയതി ഞങ്ങൾ എത്തുമ്പോൾ അന്നു ബിഹാറിലെ ഉന്നതവിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ ഗുണേശ്വർ പ്രസാദ് സിംഹിന്റെ നേതൃത്വത്തിൽ ഒരു ഔദ്യോഗികസംഘമാണ് ഞങ്ങളെ സ്വീകരിച്ചതു്. ശ്രീ ഗുണേശ്വർ പ്രസാദ് സിംഹ് പിന്നീടു ബിഹാറിൽ പലേടത്തും ഞങ്ങളോടൊപ്പം വന്നു. 1978 മെയ് 4—ാം തീയതി എറണാകുളത്തു നടന്ന സാഹിത്യപരിഷത്ത് സമ്മേളനത്തിൽ 'ഭാരതീയ സാഹിത്യകാരസമ്മേളനം' ഉദ്ഘാടനംചെയ്തതു് ഇദ്ദേഹമായിരുന്നു.

ദേവഘർ, ഭാഗൽപുർ, മുസഫർപുർ, തിർഹുത്, പട്ന, ഗയ, ഛോട്ടാനാഗ്പുർ എന്നീ ജില്ലകളിൽ ഞങ്ങൾ സഞ്ചരിച്ചു. വൈദ്യനാഥക്ഷേത്രം, വിക്രമശിലവിശ്വവിദ്യാലയത്തിന്റെയും നാളന്ദവിശ്വവിദ്യാലയത്തിന്റെയും അവശിഷ്ടങ്ങൾ, വൈശാലി നഗരത്തിന്റെ അവശിഷ്ടങ്ങൾ, കൊൽഹുവഗ്രാമത്തിലെ അശോകസ്തംഭം, ബുദ്ധശിഷ്യനായ ആനന്ദന്റെ അസ്ഥികൾ മറവുചെയ്തിരുന്ന 'ആനന്ദസ്തൂപ'വും മഹാവീരന്റെ ജന്മസ്ഥലമായ കുണ്ഡഗ്രാമവും ചരമസ്ഥലമായ പാവാപുരിയും, കുണ്ഡഗ്രാമത്തിലെ ജൈനപ്രാകൃതഗവേഷണാലയം, പാലി ഇൻസ്റ്റിററ്യൂട്ട്, ദേവഗഢ് ഹിന്ദി വിദ്യാപീഠം, ഭാഗൽപുർ യൂനിവേഴ്സിററി, ദർഭംഗയിലെ സംസ്കൃതസർവകലാശാലയും മിഥിലാ സർവകലാശാലയും ഗയയിലെ മഗധ യൂനിവേഴ്സിററി, റാഞ്ചി യൂനിവേഴ്സിററി, റാഞ്ചിയിലെ ഹെവി എൻജിനിയറിങ് മുതലായ പല ചരിത്രസ്മാരകങ്ങളും വിദ്യാഭ്യാസ—വ്യവസായസ്ഥാപനങ്ങളും ഞങ്ങൾ കണ്ടു. ഞങ്ങൾ ചെന്ന മിക്ക സ്ഥലങ്ങളിലും നഗരസഭകളും വിദ്യാഭ്യാസസ്ഥാപനങ്ങളും സാഹിത്യകാരസംഘങ്ങളും ഞങ്ങൾക്കു സ്വീകരണം നൽകുകയും മംഗളപത്രങ്ങൾ, മാല്യങ്ങൾ, സമ്മാനങ്ങൾ മുതലായവകൊണ്ട് ഞങ്ങളെ വീർപ്പുമുട്ടിക്കുകയുംചെയ്തു. രാമായണവിദ്വാനായ കാമിൽ ബുൽകേ, ജാനകീവല്ലഭ ശാസ്ത്രിയെപ്പോലുള്ള ഹിന്ദി എഴുത്തുകാർ, ഹിന്ദി പ്രൊഫസർമാർ, രാഷ്ട്രീയനേതാക്കൾ—അങ്ങനെ പ്രമുഖരായ ബീഹാറികളുമായി പരിചയപ്പെടാൻ ഈ യാത്രയ്ക്കിടയിൽ ഞങ്ങൾക്കു കഴിഞ്ഞു.

ബോധഗയയിൽ അശോകൻ നിർമിച്ച പഴയ ബുദ്ധസ്തൂപം മണ്ണിൽ പകുതി പുതഞ്ഞുകിടന്നിരുന്നതു് പുരാതത്ത്വവേത്താവായിരുന്ന കണ്ണിംഗ്ഹാം കുഴിച്ചെടുത്തു സംരക്ഷിച്ചിട്ടുണ്ട്. ഈ സ്തൂപത്തിന്റെ പടിഞ്ഞാറു

ഭാഗത്തു് ഇപ്പോൾ കാണുന്ന അരയാൽമരത്തിന്റെ നാലാംതലമുറയിലെ പിതാമഹന്റെ കീഴിൽ 'വജ്രാസനം' എന്നു് അറിയപ്പെടുന്ന കരിങ്കൽത്തറയിൽ പദ്മാസനത്തിൽ ഇരുന്നാണത്രെ ബുദ്ധൻ നാലു് ആര്യസത്യങ്ങളും അവയിലേക്കു നയിക്കുന്ന എട്ടു് അംഗങ്ങൾ അടങ്ങുന്ന ആര്യമാർഗവും സമാധിയിൽ സന്ദർശിച്ചതു്. ഈ അരയാലിന്റെ (ബോധിവൃക്ഷത്തിന്റെ) ഒരില ഞാൻ എടുത്തുകൊണ്ടുവന്നു് നിധിപോലെ സൂക്ഷിച്ചിട്ടുണ്ടു്. ഉണങ്ങിയെങ്കിലും കേടുകൂടാതെ ഇരിക്കുന്ന ഈ ഇലയിൽ ഇന്നു രാവിലെ നോക്കിയപ്പോൾ എന്തുകൊണ്ടോ ഉള്ളിൽ തെളിഞ്ഞുവന്നതു് വയോവൃദ്ധനായ ഗംഗാശരൺ സിൻഹയുടെ മുഖമാണു്!

ഗംഗാബാബു, വിട!

(22 ആഗസ്റ്റ്, 1988)

# 66. കേളപ്പജിക്കു് നൂറു വയസ്സു്

ഗാന്ധിജിയുടെ വിമോചകങ്ങളായ ആശയങ്ങൾ സൗന്ദര്യത്തിന്റെയും വികാരതീവ്രതയുടെയും ഭാഷയിൽ കേരളീയർക്കു് വ്യാഖ്യാനിച്ചുതന്നതു് മഹാകവി വള്ളത്തോളാണെങ്കിൽ, ഗാന്ധിജിയുടെ വിപ്ലവകരങ്ങളായ കർമപരിപാടികൾ ആവേശത്തിന്റെയും സംഘടിത ജനകീയശക്തിയുടെയും രൂപത്തിൽ കേരളത്തിൽ നടപ്പിൽ വരുത്തി കാണിച്ചുതന്നതു് കേളപ്പജിയായിരുന്നു. ഗാന്ധിജി നിർദേശിച്ച മാർഗത്തിലൂടെ സഞ്ചരിക്കുന്നതുകൊണ്ടുമാത്രം കേളപ്പജി സംതൃപ്തനായിരുന്നില്ല. അദ്ദേഹം ഗാന്ധിജിയെ തന്റെ ഹൃദയത്തിലേക്കു് ആവാഹിച്ചു; ഗാന്ധിജിയുടെ ചിന്തകളും വികാരങ്ങളും സ്വന്തം ചിന്തകളിലും വികാരങ്ങളിലും അലിയിച്ചുചേർത്തു; തന്റെ ജീവിതത്തെ ഗാന്ധിജിയുടെ ജീവിതത്തിന്റെ മാതൃകയിൽ വീണ്ടും വാർത്തെടുത്തു. കേരളീയർ അദ്ദേഹത്തെ 'കേരളഗാന്ധി'യെന്നു വിളിച്ചതു് വെറും ആരാധനാമനോഭാവംകൊണ്ടു മാത്രമായിരുന്നില്ല. കേരളത്തിൽ, ഗാന്ധിജിയോടു് ഏററവുമടുത്തെത്താൻ കഴിഞ്ഞ വ്യക്തി കേളപ്പജിയായിരുന്നു.

ഗാന്ധിജിയുടേതുപോലെ കേളപ്പജിയുടെയും വ്യക്തിത്വം, ബാഹ്യദൃഷ്ടിയിൽ പരുക്കനും വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമായിരുന്നു. എന്നാൽ, ഗാന്ധിജിക്കെന്നതുപോലെ കേളപ്പനും ഉണ്ടായിരുന്നതു് ശുദ്ധമായ മാതൃവാത്സല്യം നിറഞ്ഞ ഒരു ഹൃദയമായിരുന്നു എന്നു്, ഈ രണ്ടു വ്യക്തികളോടും അടുത്തിടപഴകാൻ അവസരം കൈവന്നവർ രേഖപ്പെടുത്തിയിട്ടുണ്ടു്. ശാസ്ത്രീയമായ സത്യതൃഷ്ണ ഗാന്ധിജിയിലെന്നപോലെ കേളപ്പജിയിലും എന്നും ഉറവുവററാതെ നിലനിന്നു. സത്യമെന്നു തനിക്കു് ബോദ്ധ്യമായതിനെ, മറെറന്തും ത്യജിച്ചും വിടാതെ പിന്തുടരുവാനുള്ള വാശിയും രണ്ടുപേർക്കും സാമാന്യത്തിലധികം ഉണ്ടായിരുന്നു. സത്യത്തിലുള്ള ഈ നിർബ്ബന്ധം, സത്യാഗ്രഹം ആണു് രണ്ടുപേരുടെയും ജീവിതങ്ങളിൽ പ്രഥമദൃഷ്ട്യാ പ്രത്യക്ഷപ്പെടുന്ന വൈരുദ്ധ്യങ്ങൾക്കു് കാരണം.

ഗാന്ധിജിക്കെന്നപോലെ കേളപ്പജിക്കും സേവനം ജീവിതവ്രതവും ത്യാഗം ജീവിതോദ്ദേശ്യവുമായിരുന്നു. അതിനാൽ അധികാരം രണ്ടുപേരെയും ആകർഷിച്ചില്ല. മൂന്നു വർഷത്തോളം മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ പ്രസിഡണ്ടായിരുന്നതൊഴിച്ചാൽ, അധികാരപദവികളൊന്നും കേളപ്പജി വഹിക്കുകയുണ്ടായില്ല. സ്വാതന്ത്ര്യലാഭത്തിനുശേഷം ഇന്ത്യയുടെ ഭരണഭാരം കോൺഗ്രസ്സിന്റെ കൈകളിൽ എത്തിച്ചേർന്നപ്പോൾ, കേളപ്പജി കോൺഗ്രസ്